**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 112

03.02.2020-ൽ
മറുപടിയ്ക്ക്

**'നാം മുന്നോട്ട് ' എന്ന ടെലിവിഷൻ പരിപാടി**

| ചോദ്യം<br>ശ്രീ.റോജി എം. ജോൺ | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) 'നാം മുന്നോട്ട്' എന്ന മുഖ്യമന്ത്രിയുടെ ടെലിവിഷൻ പരിപാടിക്കായി 2018-19 ലും, 2019-20 ലും ഗ്രീൻ ബുക്കിൽ എന്ത് തുകയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) 2018-19 സാമ്പത്തിക വർഷം 2220-60-800-77 എന്ന ശീർഷകത്തിൽ 500 ലക്ഷം രൂപയും, 2019-20 സാമ്പത്തിക വർഷം 687 ലക്ഷം രൂപയുമാണ് ബജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ളത്. |
| (ബി) പ്രസ്തുത തുകയിൽ നിന്നും എന്ത് തുക 2018-19 ലും, 2019-20 ൽ ഇതുവരെയും ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ; | (ബി) 2018-19-ൽ 4,98,99,105/- രൂപയും, 2019-20-ൽ 4,09,62,901/- രൂപയും പ്രസ്തുത ശീർഷകത്തിൽ നിന്നും നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത പരിപാടിയുടെ ചിത്രീകരണം കെ.എസ്.എഫ്.ഡി.സി.യുടെ കീഴിലുള്ള ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നിന്നും മാറ്റി സ്വകാര്യ ടി.വി. ചാനലിന് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;<br><br>(ഡി) എങ്കിൽ ഏത് ചാനലിനാണ് പ്രസ്തുത പരിപാടിയുടെ ചിത്രീകരണ സംവിധാനം നൽകിയതെന്നും അവർക്ക് ഇതിനായി ഇതിനകം എന്ത് തുക അനുവദിച്ചു നൽകിയെന്നും വ്യക്തമാക്കുമോ? | (സി) & (ഡി) ഷൂട്ടിങ്ങിനുള്ള സൗകര്യം കണക്കിലെടുത്തും, അതിഥികളായി പങ്കെടുക്കുന്നവർക്കുള്ള സൗകര്യം പരിഗണിച്ചും ഏറ്റവും കുറഞ്ഞ തുക ടെന്ററിൽ ക്വാട്ട് ചെയ്ത മലയാളം കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡിനാണ് പ്രസ്തുത പരിപാടിയുടെ ചിത്രീകരണം നൽകിയിട്ടുള്ളത്. 33,25,525/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ പൂർണ്ണ ചുമതല I&PRD വകുപ്പിനാണ്. |

സെക്ഷൻ ഓഫീസർ